പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2108 16.08.2017

ലെ മറുപടിക്ക്

## കയർ മേഖലയുടെ ഉന്നമനം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ .സി.മമ്മൂട്ടി<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കയർ മേഖല പുന:സംഘടിപ്പിച്ച് ആധുനികവൽക്കരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | എ) ഒരു രണ്ടാം പുനസംഘടനയിലൂടെ കേരളത്തിലെ പരമ്പരാഗത കയർ വ്യവസായത്തെ ആധുനികവൽക്കരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കയർ വ്യവസായ മേഖലയിൽ ഉല്പാദന ക്ഷമതാ വർദ്ധനവിന് യന്ത്രവത്ക്കരണം അനിവാര്യമാണെന്ന് ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി സമ്പൂർണ്ണയന്ത്രവത്ക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനേയും കൂലിയേയും ബാധിക്കാതെ ആയിരിക്കും നടപ്പിൽ വരുത്തുക.<br><br>ചകിരിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ നെന്മാറയിലും (പൊന്നാനി പ്രോജക്ട്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് ചകിരി ആക്കാൻ കഴിയുന്ന രണ്ട് മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട് കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിന് നടപടി സ്വീകരിച്ചു വരുന്നു. 2017-18 -ൽ 100 ചെറുകിട ചകിരി ഉല്പാദന മില്ലുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു.<br><br>ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി വികസിപ്പിച്ചെടുത്ത 'കയർ ഭൂവസ്ത്രം' തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന MGNREGS പ്രവർത്തികളിൽ വിപുലമായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നത് കയർ യാണിന് ഉയർന്ന ഡിമാന്റ് സൃഷ്ടിക്കുകയും തൻമൂലം തൊഴിൽ ശക്തി കേന്ദ്രീകൃതമായ കയർ മേഖലയുടെ അഭിവൃദ്ധിക്ക് അനുഗുണമാവുകയും ചെയ്യും. |
| ബി) പരമ്പരാഗതമായി ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽ | ബി)&സി) കയർ വ്യവസായത്തെയും |

| | |
|---|---|
| ഉറപ്പാക്കുന്നതിനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി ഒരു രണ്ടാം പുന:സംഘടനാ പദ്ധതിയാണ് സർക്കാർ നടപ്പാക്കുന്നത്. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിക്കും. പ്രസ്തുത കയർ ഉപയോഗിച്ച് നിർമ്മിക്കുന്ന ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾ കയർ കോർപ്പറേഷനും ന്യായവില നല്കി സംഭരിക്കും. ഇതിനായി 2016-17 സാമ്പത്തിക വർഷം 77 കോടി രൂപ കയർഫെഡിനും കയർ കോർപ്പറേഷനുമായി അനുവദിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷവും ആവശ്യമായ തുക വകകൊള്ളിച്ചിട്ടുണ്ട്. 2016 -17 സാമ്പത്തിക വർഷം കയർഫെഡുവഴി 1 ലക്ഷം ക്വിൻറൽ കയറും, കയർ കോർപ്പറേഷൻ വഴി 100 കോടി രൂപയുടെ ഉൽപ്പന്നങ്ങളും സർക്കാർ സംഭരിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ പരമ്പരാഗത കയർ മേഖലയ്ക്ക് വേണ്ടി 160,69,12,959/ രൂപ ചെലവഴിച്ചിട്ടുണ്ട്.കയറിന്റെ ആഭ്യന്തര വിദേശ വിപണി വിപുലപ്പെടുത്തുന്നതിൽ പ്രദർശനങ്ങളിൽ പങ്കെടുക്കുക, ബയർ-സെല്ലർ മീറ്റുകളിൽ പ ങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയഷോറൂമുകൾ വിവിധ സംസ്ഥാനങ്ങളിൽ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. 2017 ഒക്ടോബർ മാസം ആലപ്പുഴയിൽ വച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ റിബേറ്റ് നൽകി കയർ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചുവരുന്നു. പ്രാദേശിക ഉൽസ വങ്ങളോടനുബന്ധിച്ചുള്ള വിപണന മേളകളിൽ സജീവമായി പങ്കെടുത്തുവരുന്നു. കൂടാതെ ഇതര സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനുമായി ചേർന്ന് വിപണി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. യു.പി. സ്റ്റേറ്റ് ഹാന്റ്ലൂം ഫെഡറേ ഷനുമായി MOU ഒപ്പു വച്ചിട്ടുണ്ട്. ഈ ഓണക്കാലത്ത് ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനായി കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118 സ്റ്റാളുകൾ ആരംഭിക്കാൻ നടപടി ആയിട്ടുണ്ട്. 1000 രൂപയുടെ കൂപ്പൺ വാങ്ങുന്നവർക്ക് 2000/- രൂപയുടെ തിരഞ്ഞെടുക്കപ്പെട്ട കയർ ഉൽപ്പന്നങ്ങളും കൂപ്പൺ നറുക്കെടുപ്പ് നടത്തി സമ്മാനങ്ങൾ നൽകുന്ന പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. ,പരമ്പരാഗത കയർ വ്യവസായത്തെ സംരക്ഷിക്കാൻ ഇത്തരം പ ദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| സി) ഈ മേഖലയുടെ പുരോഗതിക്കായി ഇനിയും ചെയ്യുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ